## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3690** — **24.06.2014-ൽ മറുപടിയ്ക്ക്**

# നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി കേരളത്തിലെ 43 ടൗണുകളിൽ പുരോഗമിച്ചു വരുന്നു. പദ്ധതി 2 ഭാഗങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ഒന്നാം ഭാഗത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികളും രണ്ടാം ഭാഗത്തിൽ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളുമാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (ബി) പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണമായും ആധുനികവത്ക്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1. 11 കെ. വി. ലൈൻ നിർമ്മാണം.<br>2. 11 കെ. വി ഭൂഗർഭ കേബിൾ സ്ഥാപിക്കൽ.<br>3. നിലവിലുള്ള പഴക്കം ചെന്ന 11 കെ. വി. ചാലകം മാറ്റി പുതിയത് സ്ഥാപിക്കൽ.<br>4. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.<br>5. എൽ. റ്റി. ലൈൻ പുതിയത് സ്ഥാപിക്കൽ. |

6. സിംഗിൾ ഫേസ്, ത്രീ ഫേസ് മെക്കാനിക്കൽ മീറ്റർ മാറ്റി ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ.

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) പദ്ധതിയുടെ ഒന്നാം ഭാഗത്തിൽ പദ്ധതി തുകയുടെ 100 ശതമാനവും രണ്ടാം ഭാഗത്തിൽ പദ്ധതി തുകയുടെ 25 ശതമാനവും കേന്ദ്ര സർക്കാർ ധനസഹായമായി നൽകുന്നു. നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നും 251 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.